# Malayala Manorama
# 28 August 2018
# Kerala Flood 1924, Flood Relief

1924ലെ വെള്ളപ്പൊക്കം



## ഗാന്ധിജി അഭ്യർഥിച്ചു; സമാഹരിച്ചത് ഒരു ലക്ഷം രൂപ

തൊണ്ണൂറ്റിനാലു വർഷം മുൻപ്, മറ്റൊരു വൻപ്രളയത്തിൽ കേരളം മുങ്ങിയപ്പോൾ, മഹാത്മാഗാന്ധി മുന്നിട്ടിറങ്ങിയതും ഒരു ലക്ഷം രൂപ സമാഹരിച്ചതും പ്രളയമെടുക്കാത്ത ചരിത്രം. കൊല്ലവർഷം 1099 (1924) ലുണ്ടായ വൻപ്രളയം കേരളത്തെ മുക്കിയപ്പോഴാണു ഗാന്ധിജി കേരളത്തിനായി ഒരു ലക്ഷം രൂപ സമാഹരിച്ചത്.



ബാരിസ്റ്റർ ജോർജ് ജോസഫ്

പ്രളയക്കെടുതിയിലകപ്പെട്ട കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ എല്ലാവരും ആകാവുന്ന സഹായം നൽകണമെന്നാണു യങ് ഇന്ത്യ, നവജീവൻ പത്രങ്ങളിലൂടെ ഗാന്ധിജി അഭ്യർഥിച്ചത്. തുടർന്നുണ്ടായ പ്രതികരണം ഗാന്ധിജിയെപ്പോലും അദ്ഭുതപ്പെടുത്തി.

ചെലവുചുരുക്കിയും ആഹാരമുപേക്ഷിച്ചുപോലും നീക്കിവച്ച പണവും ആഭരണങ്ങളുമാണു പലരും അയച്ചുകൊടുത്തത്. ഒരു കുട്ടി മറ്റൊരു മാർഗവുമില്ലാത്തതിനാൽ തുച്ഛമായൊരു തുക മോഷ്ടിച്ചെടുത്തു ദുരിതാശ്വാസനിധിയിലേക്ക് അയച്ചുതന്നതിനെപ്പറ്റി ഗാന്ധിജി എഴുതിയിട്ടുമുണ്ട്. ഗാന്ധിജിയാകട്ടെ, പാൽ ഉപേക്ഷിച്ച് അതിനുള്ള പണം ഈ നിധിയിലേക്കു നിക്ഷേപിച്ചു.

1924 നവംബർ 15നു മനോരമയിൽ വന്ന റിപ്പോർട്ടിൽ, പ്രളയദുരിതാശ്വാസ നിധിയിലേക്ക് അതിനോടകം ഏകദേശം ഒരു ലക്ഷം രൂപയോടടുത്തു നിക്ഷേപിച്ചു കിട്ടിയതായാണു രേഖപ്പെടുത്തിയിരിക്കുന്നത്. 1924ൽ, സ്വർണം പവന് 15.62 രൂപ വിലയുള്ള കാലത്താണ് കേരളത്തിനായി ഗാന്ധിജിക്ക് ഒരു ലക്ഷം രൂപയോളം സമാഹരിക്കാനായത്. അതായത്, അന്ന് 6402 പവനോളം വാങ്ങാനുള്ള പണം.

ഈ പണം ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതി രൂപീകരിക്കാൻ ഗാന്ധിജി നിയോഗിച്ചത് വിശ്വസ്ത അനുയായി ബാരിസ്റ്റർ ജോർജ് ജോസഫിനെയായിരുന്നു. പാവങ്ങൾക്കു വീടു വച്ചുകൊടുക്കുക, ചർക്കയിൽ നൂൽനൂൽക്കുന്നതിനു പരിശീലനം നൽകുക തുടങ്ങിയവ ഉൾപ്പെട്ട വിപുല പദ്ധതിയാണു ജോർജ് ജോസഫ് തയാറാക്കിയത്.